# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **4020** **21.10.2016** -ൽ മറുപടിക്ക്

## മ്യൂസിയം മൃഗശാലാ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.എൻ.ഷംസീർ<br>ശ്രീ.പി.കെ.ശശി<br>ശ്രീ. ഐ.ബി.സതീഷ്<br>ശ്രീ.കെ.ഡി.പ്രസേനൻ | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(ബഹു.തുറമുഖവും മ്യൂസിയവും<br>പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | മ്യൂസിയം മൃഗശാലാ വകുപ്പ് 2016-17 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) | 2016-17 വർഷത്തിൽ മ്യൂസിയം മൃഗശാലാ വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി, പാണപ്പുഴ പഞ്ചായത്തിൽ പുതിയ തെയ്യം മ്യൂസിയം സ്ഥാപിക്കൽ<br>2. വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ കുങ്കിച്ചിറയിൽ പുതിയ ഹെറിറ്റേജ് ട്രൈബൽ മ്യൂസിയം സ്ഥാപിക്കൽ.<br>3. മൃഗശാലയുടെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി മൃഗങ്ങൾക്ക് തനത് ആവാസവ്യവസ്ഥ സൃഷ്ടിച്ചുകൊണ്ട് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരം മൃഗശാലയിലെ ഇൻഡ്യൻ കാട്ടുപോത്തുകളെ പാർപ്പിക്കുന്നതിനുള്ള പരിബന്ധന നിർമ്മാണം.<br>4. ആധുനികവൽക്കരണത്തിന്റെ ഭാഗമായി വിദേശ പക്ഷികളെ പാർപ്പിക്കുന്ന കൂട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക.<br>5. ഹിമാലയൻ കരടികളെ പാർപ്പിക്കുന്ന കൂട്ടുകളിൽ മൃഗത്തിന്റെ നിരീക്ഷണം ഏർപ്പെടുത്തുന്നതിനും, മൃഗത്തിന്റെ പരിശോധനകൾക്കുമായി സ്ക്വീസ് കേജുകൾ നിർമ്മിക്കുക<br>6. തിരുവനന്തപുരം മൃഗശാലയിൽ ലഭ്യമല്ലാത്ത മൃഗങ്ങളെ ഇന്ത്യയിലെ മറ്റ് മൃഗശാലകളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും കൊണ്ടുവരുന്നതിനുവേണ്ട നടപടി സ്വീകരിക്കുക.<br>7. ആധുനികവൽക്കരണത്തിന്റെ ഭാഗമായി മൃഗശാല അക്വേറിയത്തിന്റ നവീകരണ പ്രവർത്തനങ്ങൾ നടത്തുക |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വകുപ്പിനു കീഴിലുള്ള പഠന ഗവേഷണ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) | മ്യൂസിയം മൃഗശാല വകുപ്പിൽ ചരിത്രഗവേഷണ പഠനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി കൺസർവേഷൻ ലാബ് സൗകര്യം നൽകി വരുന്നു. |
| (സി) | കാഴ്ച ബംഗ്ലാവുകളുടെ ആധുനിക വൽക്കരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | 1. തിരുവനന്തപുരം മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടേറ്റിലെ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ ആധുനിക വൽക്കരണം.<br>2. തിരുവനന്തപുരം മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടേറ്റിലെ ടിക്കറ്റ് കൗണ്ടർ, ക്ലോക്ക് റൂം, ഇൻഫർമേഷൻ കൗണ്ടർ എന്നിവയുടെ വിപുലീകരണവും, ആധുനിക വൽക്കരണവും.<br>3. തൃശ്ശൂർ സ്റ്റേറ്റ് മ്യൂസിയം മൃഗശാലയിൽ പൊതുജനങ്ങളുടെ ഉപയോഗ ത്തിനായി ഒരു ഫുഡ്കോർട്ട്.<br>4. തിരുവനന്തപുരം നേപ്പിയർ മ്യൂസിയത്തിന്റെ സംരക്ഷണവും, ആധുനികവൽക്കരണവും. |

**സെക്ഷൻ ഓഫീസർ**